കാതെ വരുന്നുണ്ട്. സി.പി.സി.വഴിയാണ് ആശുപത്രിക്കാവശ്യമായ ഭൂരിപക്ഷം മരുന്നുകളും ലഭ്യമാക്കുന്നത്. മരുന്നുകളുടെ ഇന്റന്റ് യഥാസമയം കമ്പനികൾക്ക് നൽകുകയും കമ്പനികൾ അവ ലഭ്യമാക്കുകയും ചെയ്യുന്നു. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ സപ്ലൈ ലഭിക്കാൻ കാലതാമസമുണ്ടാകാറുണ്ട്. ഇത്തരം സന്ദർഭത്തിൽ രോഗികളുടെ താത്പര്യം മുൻനിർത്തി ആവശ്യമായ നടപടിക്രമം പാലിച്ചുകൊണ്ടു തന്നെ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ മരുന്ന് ലോക്കൽ പർച്ചേസ് നടത്താനുള്ള കാശ് അവിടെ കൊടുത്തിട്ടുണ്ട്. എച്ച്.ഡി.സി വഴിയും ചില ഘട്ടത്തിൽ മരുന്നുവാങ്ങാനുള്ള അധികാരം ആശുപത്രി അധികൃതർക്ക് നൽകിയിട്ടുണ്ട്. ഇവിടെ അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം ആയിരം-ആയിരത്തിഅഞ്ഞൂറുരൂപ വില വരുന്ന മരുന്ന് പലതും സി.പി.സി. ലിസ്റ്റിൽ ഇല്ല. അത് പുറത്തു നിന്ന് എടുക്കേണ്ടി വരും. അത് ഇപ്പോൾ തുടങ്ങിയതല്ല. കഴിഞ്ഞ കുറേ കൊല്ലങ്ങളായി മരുന്നുകളെ സംബന്ധിച്ചിടത്തോളം ഒരു ലിസ്റ്റ് വച്ച് ആ ലിസ്റ്റിലെ മരുന്നേ കൊടുക്കുന്നുള്ളു. ചില മരുന്നുകൾ പിന്നീട്, പാവപ്പെട്ട രോഗികളാണെങ്കിൽ എച്ച്.ഡി.സി. യോ, ലോക്കൽ പർച്ചേസിലോ സി.പി.സി. രജിസ്റ്ററിൽ ഇല്ലെങ്കിലും വാങ്ങാനുള്ള നടപടി പൂർത്തീകരിക്കാറുണ്ട്. കഴിഞ്ഞ ഒരു വർഷത്തെ കണക്ക് പരിശോധിച്ചപ്പോൾ ഒരു ലക്ഷം രൂപയുടെ മരുന്ന് മെഡിക്കൽ കോളേജിലും 30,000 രൂപയുടെ മരുന്ന് മെഡിക്കൽ ഐ.എം.സി.എച്ച്.ലും ലോക്കൽ പർച്ചേസ് വഴി വാങ്ങിയിട്ടുണ്ട്. കൂടാതെ എച്ച്.ഡി.സി. വഴിയും ചില അവസരങ്ങളിൽ മരുന്ന് ധാരാളമായി ലഭ്യമാക്കുന്നുണ്ട്. ഇപ്പോൾ മരുന്നിന്റെ സ്റ്റോക്ക് തൃപ്തികരമാണ്. ഡി.പി.സി. രജിസ്റ്ററിലുള്ള മിക്കവാറും എല്ലാ മരുന്നുകൾക്കും ഗവൺമെന്റ് നിശ്ചയിച്ച മരുന്നുകൾ-വ്യക്തതയുണ്ടാക്കുന്നതിനു വേണ്ടി ഒരു ഡ്രഗ് ഫോർമുലറി ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ആ ഡ്രഗ് ഫോർമുലറി പ്രസിദ്ധീകരണവും ട്രെയിനിംഗുമൊക്കെ കൊടുക്കുകയാണ്. സർജറിയിലേയും മെഡിക്കലിലേയും ഏറ്റവും എക്സ്പെർട്ട് ആയിട്ടുള്ള ഡോക്ടർമാരെവച്ച് ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഇന്ത്യയിൽ ആദ്യത്തെ ശ്രമമാണ്. ആ ഡ്രഗ് ഫോർമുലറിയുടെ അടിസ്ഥാനത്തിൽ അത്യാവശ്യം മരുന്നുകൾ പാവപ്പെട്ടവർക്ക് ലഭ്യമാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഈ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധനൽകിയിട്ടുണ്ട്. ലോക്കൽ പർച്ചേസ് വഴി മരുന്നു വാങ്ങുമ്പോൾ അത് നിയമാനുസൃതമായിരിക്കണം. സ്റ്റോർ പർച്ചേസ് വ്യവസ്ഥ പ്രകാരമായിരിക്കണം. മരുന്നുകൾ എക്സ്പയറി ഡേറ്റ് കഴിയുന്നുവെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി, ചില മരുന്നുകളുടെ എക്സ്പയറിയെ സംബന്ധിച്ചിടത്തോളം വാങ്ങിവച്ചാലും ചിലപ്പോൾ ആവശ്യമില്ലാതെ വരുമ്പോൾ അത്തരം ഘട്ടങ്ങളിൽ എക്സ്പയറി ആകും. ആവശ്യമുള്ളത്ര മരുന്നുകളേ സ്റ്റോക്ക് ചെയ്യാൻ പാടുള്ളുവെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തി തീരുമാനമെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

(14) നെൻമാറ ഗവൺമെന്റ് ആശുപത്രികളുടെ ശോച്യാവസ്ഥ

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : സർ, നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു ആതുരശുശ്രൂഷാലയമാണ് നെൻമാറയിൽ ഇന്ന് പ്രവർത്തിക്കുന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വന്നപ്പോൾ മുൻപുണ്ടായിരുന്ന സൗകര്യങ്ങൾപോലും ലഭ്യമല്ലാത്ത ഒരു സ്ഥിതിയിലേക്കാണ് എത്തിയിട്ടുള്ളത്. മുൻപ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകൊണ്ടിരുന്ന റൊട്ടി, മുട്ട, പാൽ, ബിസ്ക്കറ്റ് ഇവ മാസങ്ങളായിട്ട് രോഗികൾക്ക് ലഭിക്കുന്നില്ല. ഇവിടെ മൂന്ന് ഡോക്ടർമാരുടെ ഒഴിവുകളാണ് ഉള്ളത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ഈ സ്ഥലത്തെക്കുറിച്ചും ഈ ആതുരശുശ്രൂഷാലയത്തെക്കുറിച്ചും നല്ലതുപോലെ അറിയാം. ഇത് നെൻമാറയിലാണ് സ്ഥിതിചെയ്യുന്നത്. എങ്കിലും അയൽഗ്രാമ പഞ്ചായത്തുകളായ അയിലൂർ, നെല്ലിയാംപതി, മേലാർകോട്, എലവഞ്ചേരി പഞ്ചായത്തുകൾക്കുകൂടി പ്രയോജനപ്പെടുന്ന ഒന്നാണ്. അതിലും പ്രത്യേകിച്ച് നെല്ലിയാംപതി മലമുകളിൽ നിന്നും പാവപ്പെട്ട രോഗികൾക്ക് താഴ്വാരത്തുള്ള നെൻമാറ ആതുരശുശ്രൂഷാലയത്തിലാണ് വരേണ്ടത്. വർഷങ്ങൾക്ക് മുൻപേ അവിടെ സ്ഥാപിച്ച എക്സറേ പ്ലാന്റ് ഇന്ന് തുരുമ്പിച്ച് പ്രവർത്തനയോഗ്യമല്ലാത്ത സ്ഥിതിയിലായിട്ടുണ്ട്. എക്സ്റേ പ്ലാന്റിന് മാസങ്ങളായിട്ട് ടെക്നീഷ്യൻ ഇല്ലാത്ത ഒരവസ്ഥയാണ്. കൊച്ചി ഗവൺമെന്റിന്റെ കാലത്തുള്ള കെട്ടിടമാണ്. വളരെ വലുതാണ്. ഇതിന് വൈദ്യുതി പര്യാപ്തമല്ല, അടുത്തകാലത്ത് വനിതാ കൃാന്റീൻ പ്രവർത്തനം ആരംഭിച്ചപ്പോൾ അവർ ഗ്രയിന്ററും മറ്റും പ്രവർത്തിപ്പിച്ചതിന്റെ ഫലമായി ഇന്നുണ്ടായിരുന്ന വൈദ്യുതി പോലും ഇല്ലാത്ത അവസ്ഥയാണ്. അതുപോലെ കുടിവെള്ളത്തിനും നിത്യോപയോഗത്തിനുമുള്ള വെള്ളം ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. പേ വാർഡിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നില്ല. ശുചീകരണ ആവശ്യങ്ങൾക്ക് ജീവനക്കാർ ആവശ്യത്തിനില്ല. ഈ വക ബുദ്ധിമുട്ടുകൾ കൊണ്ട് ആതുരശുശ്രൂഷാലയം ആശിക്കുന്നതുപോലെ ശുശ്രൂഷ നൽകാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. ഈ ശോചൃാവസ്ഥയ്ക്ക് അടിയന്തിരമായി പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, നെൻമാറ ബ്ലോക്ക് പഞ്ചായത്തിൽ 5 ഡോക്ടർമാരുള്ള ഒരു സ്ഥാപനമാണിത്. സാധാരണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വ്യത്യസ്തമായി 1987-90-ലെ ഗവൺമെന്റിന്റെ കാലത്ത് ഇതിന് ചില പ്രത്യേക സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. എക്സ്റേ അടക്കമുള്ള സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ഇല്ലാത്തതാണ്, അവിടെ എക്സ്റേ ലഭ്യമായിട്ടുണ്ട്, പക്ഷേ കുറെക്കാലമായതുകൊണ്ട് അതിന്റെ അറ്റകുറ്റപ്പണിയും മറ്റ് കാര്യങ്ങളും മെയിന്റനൻസും നടക്കുന്നില്ലയെന്ന പരാതി ഉണ്ടാകാറുണ്ട്. എക്സ്റേ ടെക്നീഷ്യൻ ചിലപ്പോൾ ലീവ് എടുത്ത് പോകുന്നു, അപ്പോൾ ആളുകൾ ലഭ്യമല്ലാത്ത അവസ്ഥവരുന്നു. ഇപ്പോൾ ആലത്തൂരിൽനിന്നും ആഴ്ചയിൽ രണ്ടുദിവസം എക്സ്റേ ടെക്നീഷ്യനെ അവിടെ നിശ്ചയിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിന് പഞ്ചായത്ത് കമ്മീഷൻ വിളിച്ചു. പക്ഷേ കമ്മീഷൻ വിളിച്ചിട്ട് എടുക്കാൻ ആൾ ഉണ്ടായില്ല, അതുകൊണ്ടാണ് ഒരു ചെറിയ താമസം വന്നത്. സ്റ്റോർ പർച്ചേസ് നിയമം പാലിച്ച് പ്രാദേശികമായും ഭക്ഷ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൊടുത്ത അധികാരപ്രകാരം വെള്ളം, വെളിച്ചം, ഭക്ഷണം ഇവയൊക്കെ ചെയ്യേണ്ടത് പഞ്ചായത്തുകളാണ്. അവർ കമ്മീഷൻ വിളിച്ചാൽ ലഭിക്കുന്നില്ലായെങ്കിൽ സ്വാഭാവികമായും പിന്നെ എഴുതുകയാണ് ചെയ്യുന്നത്, അപ്പോൾ താമസം വരികയും ചെയ്യുന്നു. അത് പരിഹരിക്കാൻ ശ്രമിക്കുകയാണ്. ഈ ആശുപത്രിയിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനുള്ള അടിയന്തിരനടപടി സ്വീകരിക്കും. ചിലപ്പോൾ അവിടെ നിയമനം നടത്തിയാലും ആൾ പോകാത്ത ഒരു പിന്നോക്കപ്രദേശത്തുള്ള ഒരു പ്രൈമറി

LIBRARY ARCHIVES Kerala Legislative Assembly

ഹെൽത്ത് സെന്ററാണ്. പോരായ്മ പരിഹരിക്കാൻ പഞ്ചായത്തുകൾക്ക് തന്നെ നേരിട്ട് ആളെ കിട്ടുമെങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആളുകളെ നിയമിക്കാൻവേണ്ട നടപടി ചെയ്തിട്ടുണ്ട്. ഇപ്പോൾ രണ്ട് ഡോക്ടർമാരുടെ ഒഴിവുണ്ട്. ഈ 30-ാം തീയതിയാണ് റിട്ടയർമെന്റ് വന്നത്, സിവിൽ സർജന്റെ പോസ്റ്റാണ്, ഹയർ പോസ്റ്റാണ്. റിട്ടയർമെന്റ് വന്നേ അവർക്ക് പ്രൊമോഷൻ കൊടുക്കാൻ കഴിയുകയുള്ളൂ. റിട്ടയർമെന്റ് വേക്കൻസി വന്നിട്ട് ആറേഴ് ദിവസമേ ആയുള്ളൂ. എത്രയും പെട്ടെന്ന് അത് നികത്താൻ ശ്രമിക്കാം.

(15) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലെ ജോയിന്റ് ഡയറക്ടറുടെ ആത്മഹത്യ

<u>ശ്രീ. എം. മുരളി</u> : സർ, ഇന്നലെ ഉച്ചയ്ക്ക് നമ്മുടെ നിയമസഭാ മന്ദിരത്തിന്റെ ഒരു വിളിപ്പാടകലെ വികാസ്ഭവനിൽ തീ കത്തിയ നിലയിൽ കാണപ്പെട്ട ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ജോയിന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. പി.പി. ഗോപാലകൃഷ്ണപിള്ള ഇന്ന് വെളുപ്പാൻകാലത്ത് മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് മരണമടഞ്ഞു. ഞാൻ ഈ സംഭവത്തിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയും അടിയന്തിര നടപടി ആവശ്യപ്പെടുകയുമാണ്. അദ്ദേഹം എന്റെ നാട്ടുകാരനാണ്, മാവേലിക്കര സ്വദേശിയുമാണ്. 26 വർഷമായിട്ട് ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിൽ ജോലിയെടുക്കുകയാണ്. അദ്ദേഹം ഇടയ്ക്ക് ഡെപ്യൂട്ടേഷനിൽ കാസർഗോഡ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററിൽ മാനേജർ ആയിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി, കാസർഗോഡ് ഡി.ഐ.സി. മാനേജർ ആയി പോയ കാലഘട്ടം മുതൽ, ഏതാനും വർഷങ്ങളായി ശ്രീ. ഗോപാലകൃഷ്ണപിള്ളയെ നിരന്തരമായി ഇതേ ഡിപ്പാർട്ടുമെന്റിലെ ഒരു സംഘം മേൽ ഉദ്യോഗസ്ഥൻമാർ മാനസ്സികമായും ഔദ്യോഗികമായും പീഡിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുറെവർഷങ്ങളായി താൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനത്തെക്കുറിച്ച് എന്നോട് തന്നെ എം.എൽ.എ എന്നുള്ള നിലയിൽ അദ്ദേഹം സ്വദേശത്തുവച്ച് പലതവണ പരാതിപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പോലും കാണാതെ പോയി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം ഏത് കമ്മ്യൂണിക്കേഷൻ കൊടുത്താലും അല്ലെങ്കിൽ അയച്ചാലും അത് ലക്ഷ്യസ്ഥാനത്ത് എത്തുകയില്ല, അത് മാറ്റപ്പെടുന്നു. അദ്ദേഹം നോക്കുന്ന ഫയലുകൾ അപ്രത്യക്ഷമാകുന്നു. അങ്ങനെ അദ്ദേഹം ജോയിന്റ് ഡയറക്ടർ ആയിരിക്കുന്ന ഉദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ ഒദ്യോഗിക കൃത്യനിർവ്വഹണത്തിന് നിരന്തരമായി തടസ്സങ്ങൾ ഉണ്ടാക്കുകയും സി.ആർ. പോലും അപ്രത്യക്ഷമാവുകയും ഏറ്റവും ഒടുവിൽ അദ്ദേഹത്തെ ജോയിന്റ് ഡയറക്ടർ സ്ഥാനത്തുനിന്നും റിവർട്ട് ചെയ്യാൻ പോലുമുള്ള തീരുമാനം എടുത്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ഡയറക്ടർ ഉൾപ്പെടെ ഒരു സംഘം ഉദ്യോഗസ്ഥൻമാരാണ് അദ്ദേഹത്തെ പീഡിപ്പിച്ചതെന്നാണ് ഇന്ന് വെളുപ്പിനെ അദ്ദേഹം മരിച്ചുവെന്നുള്ള വാർത്ത എന്നെ അറിയിക്കാനായി വന്ന അദ്ദേഹത്തിന്റെ സഹോദരൻ ഉൾപ്പെടെ പറഞ്ഞത്. ആ സഹോദരൻ വന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ മുൻപിലും ഈ പരാതി പറഞ്ഞു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് വികാസ്ഭവനിലുണ്ടായ ദുരന്തത്തെക്കുറിച്ച്, അതിദാരുണമായ ഈ മരണത്തെക്കുറിച്ച്, ഔദ്യോഗികമായി ഒരു സംഘം മേൽ ഉദ്യോഗസ്ഥൻമാരുടെ പീഡനങ്ങളുടെ ബലിയാടായി മാറിയ ജോയിന്റ് ഡയറക്ടറായ ഗോപാലകൃഷ്ണപിള്ളയുടെ ഈ ദാരുണമായ അന്ത്യത്തെക്കുറിച്ച് അങ്ങ് അടിയന്തിരമായി അന്വേഷണം നടത്തുകയും ഈ സംഭവത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly